(ഡി) പാട്ടവ്യവസ്ഥ ലംഘിച്ച എത്ര പേരുടെ ഭൂമി ഈ സർക്കാർ വന്നതിനുശേഷം തിരിച്ചെടുത്തിട്ടുണ്ട് ; എത്ര ഭൂമി അപ്രകാരം ലഭിച്ചു ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഇ) പാട്ടവ്യവസ്ഥ ലംഘിച്ച എത്രപേരുടെ ഭൂമി ഈ സർക്കാർ വന്നതിനുശേഷം തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു ; എത്ര ഏക്കർ ഭൂമി ഇപ്രകാരം ലഭിക്കും ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ഹാരിസൺ മലയാളം പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച്

147 (7116) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 28-2-2013-ലെ WP 14751/2012, WP 213/13-ാം നമ്പർ വിധിപ്രകാരം 25-4-2013-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1957-ലെ കെ.എൽ.സി. ആക്ടിന്റെ എല്ലാ നിയമവും പാലിച്ചുകൊണ്ട് M/S ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശംവയ്ക്കുന്ന സർക്കാർ ഭൂമിയിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. ടി. ആക്ടിലെ റൂൾ 6 പ്രകാരം നടന്ന പരിശോധന കമ്പനിയെ മുൻകൂട്ടി രേഖാമൂലം അറിയിച്ചിരുന്നു. പ്രസ്തുത നടപടിയെ തുടർന്ന് ടി ആക്ടിലെ സെക്ഷൻ 12, റൂൾ 9 എന്നിവ പ്രകാരം സർക്കാർ ഭൂമിയിൽ നിന്നും ഒഴിപ്പിക്കാതിരിക്കാൻ 30 ദിവസത്തിനകം കാരണംകാണിക്കൽ ആവശ്യപ്പെട്ടുകൊണ്ട് വ്യത്യസ്ത തീയതികളിൽ മൂന്ന് ഫോം ബി നോട്ടീസുകൾ നൽകി. പ്രസ്തുത നോട്ടീസുകൾക്കെതിരെ എതിർ സത്യവാങ്മൂലവും എതിർപ്പും ടി കമ്പനി അവരുടെ കൈവശമുള്ള രേഖകളുടെ അടിസ്ഥാനത്തിൽ സെപ്ഷ്യൽ ഓഫീസറുടെ മുമ്പാകെ ഫയൽ ചെയ്തു. ഇവ പരിശോധിച്ചതിന്‌ശേഷം രണ്ടുദിവസങ്ങളിലായി റൂൾ 10 പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

കമ്പനിയെ സ്പെഷ്യൽ ഓഫീസർ വിശദമായി കേട്ടു. ഇതുവരെയുള്ള നടപടികൾ നിയമപരമായിരുന്നു എന്നംഗീകരിച്ചുകൊണ്ട് കമ്പനി രേഖാമൂലം സംതൃപ്തി അറിയിച്ചു. പ്രസ്തുത നടപടികളിൽ നാലുജില്ലകളിലായി കമ്പനിയുടെ കൈവശം നിലവിലുള്ള 26,185 ഏക്കർ ഭൂമി ഉൾപ്പെട്ടിട്ട് ഒരു ഭാഗത്ത് സ്പെഷ്യൽ ഓഫീസിലെ നിയമപരമായ നടപടികൾ നടക്കുന്നതിനിടയിൽ കമ്പനി ബഹു. ഹൈക്കോടതിയിൽ WP-4877/2014-ാം നമ്പർ കേസ് ഫയൽ ചെയ്തു. സ്പെഷ്യൽ ഓഫീസർ തങ്ങളുടെ കൈവശമുള്ള ഭൂമി കെ.എൽ.സി. നിയമപ്രകാരം ഏറ്റെടുക്കുമെന്നും അങ്ങനെ ഏറ്റെടുത്തുകൊണ്ട് പുറപ്പെടുവിക്കാൻ പോകുന്ന നടപടിക്രമത്തിനുമേൽ തങ്ങൾക്ക് സെക്ഷൻ 16 പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറുടെ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിനുള്ള അവസരം നൽകാൻ സ്പെഷ്യൽ ഓഫീസർക്ക് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകണമെന്നതുമാത്രമായിരുന്നു ആവശ്യം. കെ.എൽ.സി. നിയമപ്രകാരമുള്ള ഓരോ നടപടിയും സൂക്ഷ്മമായി പാലിച്ചുകൊണ്ടും കമ്പനിക്ക് നിയമപ്രകാരമുള്ള സമയം അനുവദിച്ചുകൊണ്ടും നടന്നുവരുന്ന നടപടികളിൽ കമ്പനിതന്നെ സംതൃപ്തി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സെക്ഷൻ 16 പ്രകാരമുള്ള അപ്പീൽ സമയം കെ.എൽ.സി. നിയമപ്രകാരം അനുവദിക്കുമായിരുന്നു. എന്നാൽ നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ലാത്ത സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിനെതിരെ 30 ദിവസത്തെ മുൻകൂർ സ്റ്റേ അനുവദിച്ചുകൊണ്ട് WP 4877/2014-ാം നമ്പർ കേസിൽ ബഹു. ഹൈക്കോടതി 19-2-2014-ൽ ഉത്തരവ് പുറപ്പെടുവിച്ചു. കെ.എൽ.സി. ആക്ട് പ്രകാരമുള്ള ഉത്തരവുകൾക്കുമേൽ അപ്പീൽ പോകുന്നതിനുള്ള സമയം അനുവദിക്കുന്നകാര്യം നിയമത്തിൽതന്നെ ഉള്ളതുകൊണ്ടും കമ്പനിക്കെതിരെ സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതുകൊണ്ടും ടി വിധിന്യായം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാർ ആർ.പി.406/2014-ാം നമ്പർ കേസ് ഫയൽ ചെയ്തു. ഇതിനകം തന്നെ കമ്പനിക്കുനൽകിയ 2-ഉം 3-ഉം ഫോം ബി നോട്ടീസുകൾക്കെതിരെ കമ്പനി WP 7516/2014, WP 13037/2014 എന്നീ നമ്പർ കേസ്സുകൾകൂടി ഫയൽ ചെയ്തു. (3 നോട്ടീസുകൾക്കെതിരെ 3 റിട്ട് ഹർജികൾ)

സർക്കാർ ഫയൽ ചെയ്ത ആർ.പി.406/2014-ാം നമ്പർ കേസ് അംഗീകരിച്ച കോടതി, അവിചാരിതമായി സ്പെഷ്യൽ ഓഫീസറുടെ തുടർ നടപടികൾ ടി കേസ് തീർപ്പാക്കുംവരെ സ്റ്റേ ചെയ്തുകൊണ്ട് 9-6-2014-ൽ ഉത്തരവുപുറപ്പെടുവിച്ചു. കെ.എൽ.സി. ആക്ട് പ്രകാരമുള്ള എല്ലാ നിയമങ്ങളും ഒരുവർഷത്തിലധികം സമയംകൊണ്ട് പഴുതുകളടച്ച് നടപ്പിലാക്കിയിട്ടുപോലും കമ്പനിയുടെ ഭൂമി ഏറ്റെടുക്കാൻ സർക്കാർ തിടുക്കം കാട്ടുന്നുവെന്ന പരാമർശം ബഹു.ഹൈക്കോടതി നടത്തിയിട്ട് സ്പെഷ്യൽ ഓഫീസറുടെ നടപടിയിൽ സംതൃപ്തി അറിയിച്ച കമ്പനിക്ക് അവർ റിട്ട് ഹർജികളിൽ ആവശ്യപ്പെടാത്ത ഉത്തരവാണ് ഹൈക്കോടതിയിൽനിന്നും നേടാൻ കഴിഞ്ഞത്. അപ്പീലിന് സമയം ചോദിച്ച കമ്പനിക്ക് സ്പെഷ്യൽ ഓഫീസറുടെ നടപടികൾത്തന്നെ നിർത്തിവച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത സ്റ്റേ ഉത്തരവ് ബഹു.ഹൈക്കോടതി മറ്റ് രണ്ടു കേസുകൾക്കുകൂടി ബാധകമാക്കിയതോടെ സ്പെഷ്യൽ ഓഫീസർ തുടർന്നുവന്ന എല്ലാ നടപടിയും നിർത്തിവയ്ക്കേ സാഹചര്യം ഉണ്ടായി.

ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവിനെതിരെ ഭരണഘടനയുടെ 226(3)-ാം വകുപ്പുപ്രകാരം സർക്കാർ 18-6-2014, 23-6-2014 എന്നീ തീയതികളിലായി സത്യവാങ്മൂലവും എതിർ സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത വകുപ്പ് പ്രകാരം സത്യവാങ്മൂലം ഫയൽ ചെയ്ത തീയതിമുതൽ 14 ദിവസം മാത്രമെ സ്റ്റേ ഉത്തരവ് നിലനിൽക്കുകയുള്ളൂ. 1-7-2014-ൽ ബഹു. ഹൈക്കോടതി ടി കേസുകൾ പരിഗണിച്ചെങ്കിലും എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള അവസരം കമ്പനിക്ക് നൽകുന്നതിനായി കേസ് 8-7-2014-ലേയ്ക്ക് മാറ്റിവച്ചിട്ടുണ്ട്.

(ബി) ആലോചിച്ചുവരുന്നു.

ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ആധാരം വ്യാജമാണെന്ന കണ്ടെത്തൽ

148 (7117) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഏതെങ്കിലും വസ്തുവിന്റെ ആധാരം വ്യാജമാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതുവസ്തുവിന്റെ ആധാരമാണ് വ്യാജമെന്ന് കണ്ടത്തിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കണ്ടെത്തൽ ലാന്റ് റവന്യൂ കമ്മീഷണർ ശരിവച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് തുടർനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) വിജിലൻസിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ കണ്ടെത്തലുകൾക്ക് എതിരെ ഹാരിസൺ മലയാളം, കോടതിയിൽ നിന്ന് അനുകൂലമായി വിധി സമ്പാദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കോടതിയിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 1600/1923-ാം നമ്പർ പ്രമാണം വ്യാജമാണെന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിൽ കണ്ടെത്തുകയും തിരുവനന്തപുരം വിജിലൻസ് കോടതിയിൽ വി. സി. 09/13/എസ്. ഐ. യു. 11 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly